HLM-0081

The Heavenly Light Ministry

എൻ യേശു എൻ പ്രിയൻ എനിക്കുള്ളോൻ നീ
നിൻ പേർക്കു വെടിയുന്നു പാപോല്ലാസം
എൻ കാരുണ്യ വീണ്ടെടുപ്പു രക്ഷ നീ
എപ്പോൾ സ്നേഹിച്ചോ(ഞാൻ) (3) ആയതിപ്പോൾ തന്നെ

ഞാൻ സ്നേഹിക്കുന്നു നീ മുൻ സ്നേഹിച്ചെന്നെ
എൻ മോചനം വാങ്ങി നീ കാൽവറിയിൽ
ഞാൻ സ്നേഹിക്കുന്നു മുൾമുടി ഏററതാൽ
എപ്പോൾ സ്നേഹിച്ചോ(ഞാൻ) (3) ആയതിപ്പോൾ തന്നെ

ഞാൻ സ്നേഹിക്കും ജീവമരണങ്ങളിൽ
ഞാൻ ജീവിക്കും നാൾ എന്നും വാഴ്ത്തും നിന്നെ
എൻ ഗാനം അന്ത്യവായു പോകുമ്പോഴും
എപ്പോൾ സ്നേഹിച്ചോ(ഞാൻ) (3) ആയതിപ്പോൾ തന്നെ

അനന്തപ്രമോദത്തോടെ സ്വർഗ്ഗത്തിൽ
വണങ്ങികൊണ്ടാടും നിന്നെ എന്നേക്കും
ഞാൻ പാടീടും മിന്നും മുടിവെച്ചങ്ങു
എപ്പോൾ സ്നേഹിച്ചോ(ഞാൻ) (3) ആയതിപ്പോൾ തന്നെ